പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5111 | 16.03.2018 ന് മറുപടിയ്ക്ക്.

## യുവാക്കളുടെ തൊഴിൽ നൈപുണ്യവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, കെ. ബാബു<br>,, ആന്റണി ജോൺ<br>,, യു. ആർ. പ്രദീപ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏകദേശം മുപ്പത്തിയഞ്ച് ലക്ഷം തൊഴിലന്വേഷകരുണ്ടെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾ പൂർത്തിയാക്കിയവർ ഉൾപ്പെടെ തൊഴിൽ നൈപുണ്യം ഉള്ളവർ കുറവാണെന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് പ്രസ്തുതപ്രശ്നപരിഹാരത്തിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>(a) നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)<br>(b) എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്(ESPiOR)<br>(c) സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ & ടീച്ചർ ട്രെയിനിംഗ് (CRETT)<br>(d) സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)<br>(e) സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED)<br>(f) കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA) |

| | |
|---|---|
| | 2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ<br>3. കൗശൽ കേന്ദ്രകൾ<br>4. അക്രഡിറ്റേഷൻ<br>5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>6. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>(a). എംപ്ലോയബിലിറ്റി സെന്ററുകൾ<br>(b). കരിയർ ഡെവലപ്പ്മെന്റ് സെന്റർ<br>7. മോഡൽ കരിയർ സെന്റർ<br>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന കേന്ദ്ര പദ്ധതിയായ മോഡൽ കരിയർ സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (ബി) യുവാക്കളുടെ തൊഴിൽ ശേഷിയും തൊഴിൽ നൈപുണ്യവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും വിവിധ മേഖലകളിൽ ഉൽകൃഷ്ട സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അന്താരാഷ്ട്ര നൈപുണ്യ പരിശീലനവും തൊഴിൽപ്രാപ്തിയും പരിപാടി (I-STEP) ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) ഉണ്ട്. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതക്കുമായി ദീർഘകാലം നിലനിൽക്കുന്ന ഒരു ബന്ധം സ്ഥാപിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം . ഇത്തരം മാതൃകകളിലെല്ലാം തന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ KASE നൽകുന്നതാണ്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശരാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതലയാണ്. ഇവ KASE അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും. |
| (സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) -ന്റെ ലക്ഷ്യങ്ങൾ എന്തായിരുന്നു; നിലവിൽ നടത്തിവരുന്ന പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) തൊഴിലാളികൾക്കും, തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും തൊഴിൽ നിയമങ്ങളെക്കുറിച്ചും തൊഴിൽ അവകാശങ്ങളെക്കുറിച്ചും തൊഴിൽ മേഖലയിൽ സംജാതമാകുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാരമാർഗങ്ങളെക്കുറിച്ചും പരിശീലനം, നേതൃത്വ വികസന പരിശീലനം, ശിൽപ ശാലകൾ, സെമിനാറുകൾ, എന്നിവ സംഘടിപ്പിക്കുക, മൺമറഞ്ഞ തൊഴിലാളി നേതാക്കൻമാരെ ക്കുറിച്ച് അനുസ്മരണ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക, കൂടാതെ തൊഴിൽ മേഖല |

| | |
|---|---|
| | യുമായും, തൊഴിലാളികളുമായും ബന്ധപ്പെട്ട സാമൂഹിക പ്രസക്തമായ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തി ടി റിപ്പോർട്ടുകൾ സർക്കാരിനും, പ്ലാനിംഗ് ബോർഡിനും നയ രൂപീകരണത്തിനുതകും വിധത്തിൽ സമർപ്പിക്കുക, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരണങ്ങൾ നടത്തുക എന്നിവയിലൂടെ തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും, ബോധവൽക്കരണം നടത്തുക വഴി സംസ്ഥാനത്ത് മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും, വ്യാവസായിക അന്തരീക്ഷവും സൃഷ്ടിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുക എന്നതാണ് കിലെയുടെ ലക്ഷ്യം. മേൽപറഞ്ഞ ലക്ഷ്യം മുൻനിറുത്തിക്കൊണ്ട്, തൊഴിൽ നിയമങ്ങളെക്കുറിച്ചും, തൊഴിലവകാശങ്ങളെക്കുറിച്ചും, പരിശീലന പരിപാടികൾ, ശില്പശാലകൾ. നേതൃത്വവികസന പരിപാടികൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സർക്കാർ നിർദ്ദേശിക്കുന്ന വിഷയങ്ങളിലും, മറ്റ് തൊഴിൽ അനുബന്ധ വിഷയങ്ങളിലും ഗവേഷണ പഠനങ്ങൾ നടത്തുകയും, കിലെന്യൂസ് (ഇംഗ്ലീഷ്, മലയാളം), ഞാനും എന്റെ തൊഴിൽ നിയമങ്ങളും എന്ന ശീർഷകത്തിൽ (1) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങൾ (2) ചുമട്ടു തൊഴിലാളി നിയമം 1978 (3) പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം 1972 (4) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും പദ്ധതികളും (5) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസിലേനിയസ് പ്രൊവിഷൻസ് ആക്ട് 1952, തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ തുടങ്ങിയ കൈപ്പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു വരുന്നു. |
| (ഡി) പ്രസ്തുത സ്ഥാപനത്തെ തൊഴിൽ മേഖലയിലെ ദേശീയ നിലവാരത്തിലുള്ള പഠന പരിശീലന ഗവേഷണ സ്ഥാപനമാക്കി മാറ്റുവാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ? | ഡി) കിലെയെ ദേശീയനിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതു സംബന്ധിച്ച് സർക്കാർ വിശദമായ പരിശോധന നടത്തി വരികയാണ്. |

Bindu

സെക്ഷൻ ഓഫീസർ